# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.560 - 02/12/2014 - ലെ മറുപടിക്ക്

എക്സ്പെന്റീച്ചർ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം<br><br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് നടക്കുന്ന നികുതി വെട്ടിപ്പ് സംബന്ധിച്ച് എക്സ്പെന്റീച്ചർ കമ്മിറ്റി ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് സർക്കാരിനോ മറ്റ് ഏജൻസികൾക്കോ സമർപ്പിച്ചിട്ടുണ്ടോ, | മറുപടി നൽകിയിട്ടുണ്ട് |
| (ബി) വാണിജ്യ വകുപ്പിലെ അപര്യാപ്തതകളും, ചെക്ക് പോസ്റ്റുകളിലെ കാര്യക്ഷമമല്ലാത്ത പരിശോധനകളും സംബന്ധിച്ച് എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത്, | മറുപടി നൽകിയിട്ടുണ്ട് |
| (സി) മേൽപറഞ്ഞ കാര്യങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, | പബ്ലിക്ക് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി വകുപ്പിലെ അപര്യാപ്തത, ചെക്ക് പോസ്റ്റുകളിലെ കാര്യക്ഷമതയില്ലാത്ത പരിശോധന ഇവ പരിഹരിക്കുന്നതിന്റെ ഭാഗമായി ചരക്ക് ഇല്ലാത്ത വണ്ടികൾ ചെക്പോസ്റ്റു വഴി കടന്നു പോകുന്ന പ്രവണത കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറ, ശക്തിയേറിയ സ്കാനർ, ചെക്പോസ്റ്റുകളുടെ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റ് പരിശോധന, സെലക്ടീവായ വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ, ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർചെക്കിംഗും, കുടിശ്ശിക പിരിവ്, നികുതി ചോർച്ച ഉള്ള മേഖലകൾ പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കി കട പരിശോധന, വാഹന പരിശോധന തുടങ്ങിയ |

| | |
|---|---|
| | നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ചെക്ക് പോസ്റ്റുകൾ വഴി നികുതി വെട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ അത് എത്ര ശതമാനം വരെയാണ് എന്ന് വിശദമാക്കാമോ ? | ചെക്ക് പോസ്റ്റുകൾ വഴി നികുതി വെട്ടിപ്പ് തടയുന്നതിന് മതിയായ പരിശോധനാ സംവിധാനം ഉണ്ട്. എന്നാൽ നികുതി വെട്ടിപ്പിന്റെ ശതമാന കണക്ക് ലഭ്യമല്ല |

**സെക്ഷൻ ഓഫീസർ**